# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . v
മുഖവുര . . . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . . . 17
1 അനുനാസികാതിപ്രസരം: . . . . . 31
2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . . . 32
3 സ്വരസംവരണം: . . . . . 32
4 പുരുഷഭേദനിരാസം: . . . . . 34
5 ഖിലോപസംഗ്രഹം: . . . . . 37
6 അംഗഭംഗം: . . . . . 39
2 ഘട്ടവിഭാഗം . . . . . 53
1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . . . 62
2 മധ്യഘട്ടം — മണിപ്രവാളരീതി . . . . . 63
3 ആധുനികഘട്ടം . . . . . 64
3 അക്ഷരമാല . . . . . 67
4 വർണ്ണവികാരങ്ങൾ . . . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . . . 99
1 ലോപസന്ധി . . . . . 100
2 ആഗമസന്ധി . . . . . 103
3 ദ്വിത്വസന്ധി . . . . . 107
4 ആദേശസന്ധി . . . . . 113
2 ശബ്ദവിഭാഗം . . . . . 119
1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . . . 135
2 വചനപ്രകരണം . . . . . 145
3 വിഭക്തിപ്രകരണം . . . . . 157
1 നാമരൂപാവലി . . . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . . . 171
1 ഇനി ഇരട്ടിപ്പ് . . . . . 173
5 കാരകപ്രകരണം . . . . . 177
6 തദ്ധിതപ്രകരണം . . . . . 189
1 തന്മാത്രപ്രത്യയങ്ങൾ . . . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . . . 197
1 പ്രാരംഭം . . . . . 197
2 പ്രകൃതി . . . . . 197
3 സ്വഭാവം . . . . . 198
2 കാലപ്രകരണം . . . . . 199
1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . . . 205
2 കാലപ്രത്യയങ്ങളുടെ ആഗമം . . . . . 220
3 പ്രകാരപ്രകരണം . . . . . 223
4 പ്രയോഗപ്രകരണം . . . . . 231
5 പ്രയോജകപ്രകൃതി . . . . . 233
6 നാമധാതുപ്രകരണം . . . . . 241
7 ഖിലധാതുക്കൾ . . . . . 245
8 അനുപ്രയോഗം . . . . . 247
1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . . . 251
2 രണ്ടാം വക; കാലാനുപ്രയോഗം . . . . . 255
3 മൂന്നാംവക, പൂരണാനുപ്രയോഗം . . . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259
10 സമുച്ചയം . . . . . . . . . . . . . . . . 269
11 അംഗക്രിയ . . . . . . . . . . . . . . . 271
1 പേരെച്ചം . . . . . . . . . . . . . . . 275
2 വിനയെച്ചം . . . . . . . . . . . . . 280
12 കൃതികൃത്തുക്കൾ . . . . . . . . . . . . . 295
13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
1 പദക്രമം . . . . . . . . . . . . . . . . 320
2 പൊരുത്തം . . . . . . . . . . . . . . . 321
2 സമാസപ്രകരണം . . . . . . . . . . . . 325
3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333
ധാതുപാഠം . . . . . . . . . . . . . . . . . 347
കാരികാസൂചിക . . . . . . . . . . . . . . . 357
സൂചിക . . . . . . . . . . . . . . . . . . . 361

# 1

## വാക്യപ്രകരണം

പിതൃപുത്രാദിസംബന്ധംപോലെ ക്രിയയ്ക്ക് കാരകങ്ങളോട്, കാരകങ്ങൾക്ക് ക്രിയയോട്, വിശേഷ്യത്തിന് വിശേഷണത്തോട്, വിശേഷണത്തിന് വിശേഷ്യത്തോട്, ഗതിക്ക് വിഭക്തിയോട്, വിഭക്തിക്ക് ഗതിയോട് ഇത്യാദിയായ ശബ്ദങ്ങളുടെ വേർപെടുത്താൻ പാടില്ലാത്ത ബന്ധത്തിന് ആകാംക്ഷ എന്നുപേർ. ആകാംക്ഷയെല്ലാം പൂർത്തി വരുന്നവിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണ്ണമായി വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം. വാക്യത്തിന് ആഖ്യ, ആഖ്യാതം എന്നു രണ്ടു ദളം കല്പിക്കാം. അനേകങ്ങളും നാനാജാതികളും ആയുള്ള പദങ്ങളെക്കൊണ്ടു കെട്ടിച്ചമച്ചിട്ടുള്ള ഒരു വാക്യത്തെ അഴിച്ചുനോക്കിയാൽ സർവ്വാധാരമായിട്ടു രണ്ടു ഭാഗം കാണും: (1) നാം ഏതിനെപ്പറ്റി സംസാരിക്കുന്നുവോ ആ വസ്തു. ഇങ്ങനെ ഒരു വസ്തു ഉണ്ടോ ഇല്ലയോ എന്നുള്ളതിലേക്കു നമുക്കു തർക്കമില്ല. ഇതു സിദ്ധംതന്നെ എന്നു സ്വീകരിച്ചുംകൊണ്ട് അതിന്റെ ഉപരിവിചാരണചെയ്യുന്നതിലാണ് വക്താവിന്റെ ഉദ്ദേശ്യം. അങ്ങനെ വിചാരണചെയ്യാൻ വേണ്ടി സിദ്ധവൽക്കരിക്കപ്പെട്ടതായ അതിനെ വക്താവ് അനുവദിക്കുന്നു (എടുത്തുകാണിക്കുന്നു). (2) ആ വസ്തുവിനെപ്പറ്റി നാം എന്തു സംസാരിക്കുന്നുവോ ആ സംഗതി. ഇൗ സംഗതിയാണ് വക്താവിന് വാക്യപ്രയോഗദ്വാരാ സാധിക്കേണ്ടത്. വക്താവ് ഇതുകൊണ്ട്, ശ്രോതാവിന് വാസ്തവത്തിൽ അജ്ഞാതപൂർവ്വമോ അവ്വണ്ണമെന്നു കല്പിക്കപ്പെട്ടതോ ആയ ഒരു സംഗതിയുടെ സംബന്ധം ആ വസ്തുവിൽ കുറിക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന രണ്ടു ഭാഗങ്ങളിൽ ആദ്യത്തേത് ആഖ്യ; രണ്ടാമത്തേത് ആഖ്യാതം. ഇവയുടെ യോഗം വാക്യവുമാകുന്നു.

ഉദാ: (1) വിവാഹംകഴിഞ്ഞു നഗരത്തിലേക്കു മടങ്ങിവന്ന രാമൻ.

(2) അച്ഛന്റെ നിയോഗത്താൽ വനവാസത്തിനു പോയി

ഇവിടെ രാമനെപ്പറ്റിയാണു നാം സംസാരിക്കുന്നത്; അങ്ങനെ ഒരാൾ ഉണ്ടെന്നു സിദ്ധവൽക്കരിച്ചിട്ട് "വനവാസത്തിനു പോയി" എന്നുള്ള അയാൾ ചെയ്ത പ്രവൃത്തിയെക്കുറിക്കുന്നതിന് ഇൗ വാക്യം പ്രയോഗിക്കുന്നു. ഇൗ സംഗതി ശ്രോതാവിന് അജ്ഞാതപൂർവ്വമെന്നു കല്പിച്ചിട്ട് അതിനെ രാമകൃതമായിട്ടു വിധിക്കുന്നു. അതിനാൽ ഇൗ വാക്യത്തിൽ (1) എന്നടയാളമിട്ട ഭാഗം ആഖ്യ

യും (2) എന്നടയാളമിട്ട ഭാഗം ആഖ്യാതവുമെന്നു സ്പഷ്ടമാകുന്നു.

ഇങ്ങനെ വാക്യങ്ങളെ അഴിച്ചു പ്രാധാന ഭാഗങ്ങളാക്കി പിരിക്കുന്ന ക്രിയയ്ക്കു "അപോദ്ധാരം" എന്നു വൈയാകരണന്മാർ വ്യവഹരിക്കുന്നു. ആഖ്യ എന്നും ആഖ്യാതം എന്നും ഉള്ള ഈ വിഭാഗം തർക്കശാസ്ത്രരീത്യാ ചെയ്തിട്ടുള്ളതാകുന്നു. ഇതിനെ ഇനി വ്യാകരണവ്യവഹാരത്തോടു യോജിപ്പിക്കാം.

നാമമോ, സർവ്വനാമമോ, നാമവാക്യമോ, ആഖ്യയായി വരാം; മുറ്റുവിനതന്നെയാണ് ആഖ്യാതം. നടുവിനയെച്ചം ആഖ്യയായിട്ടും ആഖ്യാതമായിട്ടും വരാം. വിനയെച്ചപ്രകരണം നോക്കുക.

> ആന കരിമ്പു തിന്നുന്നു; നീ അതിനെ ഓടിച്ചുകളക.
> വ്യാജം പറക ശരിയല്ല; ആ ശീലമരുത്.

എന്നുദാഹരണങ്ങൾ. ഈ സംഗതികളെ സൂത്രംകൊണ്ടു സംക്ഷേപിക്കാം:

170. അന്യോന്യാപേക്ഷയാകാംക്ഷ;
സാകാംക്ഷപദസഞ്ചയം
ഏകാർത്ഥബോധകം വാക്യ —
മാഖ്യാഖ്യാതദളാന്വിതം.
ആഖ്യ സിദ്ധാന്തവാദാംശം;
സാദ്ധ്യവിധ്യംശമന്യവും.

ഇത്രയുംകൊണ്ട് കർത്താവും ക്രിയാപദവും ചേർന്നത് വാക്യം എന്നർത്ഥം തോന്നിയേക്കാം. അപ്പോൾ വാക്യങ്ങൾ നീണ്ടുനീണ്ടുവരുന്നതെങ്ങനെ എന്നു വച്ചാൽ:

171. ആഖ്യാതത്തിനുമാഖ്യയ്ക്കും
യഥായോഗം പരിച്ഛദം.

ആഖ്യയ്ക്കും ആഖ്യാതത്തിനും ചേർച്ചപോലെ പരിച്ഛദങ്ങൾ ചെയ്യാം. പരിച്ഛദമെന്നാൽ പരിവാരമെന്നർത്ഥം. കർത്തൃക്രിയകൾക്ക് പ്രത്യേകം വിശേഷണങ്ങൾ ആ വിശേഷണങ്ങളിൽ അന്വയിക്കുന്ന മറ്റു പദങ്ങൾ ഇത്യാതി ക്രമേണ പരിച്ഛദങ്ങൾ യഥേഷ്ടം നീണ്ടുവരാം. മുൻ കാണിച്ച ഉദാഹരണങ്ങളിൽ "മടങ്ങി വന്ന" എന്ന പേരെച്ചം "രാമൻ" എന്ന ആഖ്യയുടെ വിശേഷണം."വിവാഹം കഴിഞ്ഞ്" എന്ന വിനയെച്ചവും "നഗരത്തിലേക്കു" എന്ന വിഭക്ത്യാഭാസവും അതിൽ അന്വയിക്കുന്നു. അതിനാൽ "വിവാഹം കഴി...വന്ന" എന്ന ഭാഗം ഇവിടെ കർത്തൃപരിച്ഛദവും, അതിന്മണ്ണം "അച്ഛന്റെ...വാസത്തിനു" ഇത്രയുമംശം ക്രിയാപരിച്ഛദവുമാകുന്നു. ഇങ്ങനെ വിശേഷണങ്ങളെല്ലാം ഒന്നിച്ചുകൂട്ടിയതിനു തന്നെ പരിച്ഛദമെന്നു പേർ.

അപ്പോൾ, കർത്താവും കർത്താവിന്റെ പരിച്ഛദങ്ങളും കൂടിച്ചേർന്ന ഭാഗമാണ് ആഖ്യ; ക്രിയാപദവും അതിന്റെ പരിച്ഛദങ്ങളും ചേർന്നത് ആഖ്യാതം.

പേരെച്ചവും വിനയെച്ചവും മുറയ്ക്കു നാമത്തിന്റെയും ക്രിയയുടെയും വിശേഷണങ്ങളാണെന്ന് അതുകളുടെ സംജ്ഞകൾതന്നെ വെളിപ്പെടുത്തുന്നു. കാരകങ്ങളെ കുറിക്കുന്ന വിഭക്തികളെല്ലാം ക്രിയാവിശേഷണങ്ങളാണ്; സംബന്ധിക മാത്രം നാമവിശേഷണം. പേരെച്ചം വിശേഷണവാക്യത്തിലേ ക്രിയാപദമാകയാൽ കർത്താവായും കർമ്മമായും മറ്റും വരുന്ന നാമങ്ങളെ വിശേഷിപ്പിക്കുന്നതിനു പേരെച്ചങ്ങളെ ഉപയോഗിക്കുമ്പോൾ അതിൽ ഓരോന്നിനും വെവ്വേറെ പുതിയ കർത്തൃകർമ്മാദികൾ ചേർന്ന വാക്യം വളരെ നീണ്ടുവരാം. ഇതിനുപുറമെ ഒറ്റപ്പദത്തിനുപകരം വാക്യങ്ങളെ കർത്തൃകർമ്മാദികളായിട്ടുപയോഗിക്കാം. ഓരോരോ ക്രിയകൾക്ക് ഓരോരോ കാരകമായിരിക്കും പ്രധാനം — സകർമ്മകത്തിന് കർമ്മം; ഇരിക്ക മുതലായതിന് അധികരണം: ചേരുക ഇത്യാദിപോലുള്ളതിന് സാക്ഷി ഇത്യാദി, ഏതിന് ഏതിന്റെ ആകാംക്ഷയോ ആ ക്രിയയ്ക്ക് ആ കാരകം ചേർന്നാൽ ആകാംക്ഷ ശമിക്കും; മറ്റു കാരകങ്ങൾ വേണമെങ്കിൽ ചേർക്കാമെന്നേ ഉള്ളൂ. ഇക്കൂട്ടത്തിൽ “ആവുക” എന്ന ക്രിയ്ക്ക് എല്ലാ ക്രിയയ്ക്കും വേണ്ടുന്ന കർത്താവൊഴികെ പ്രത്യേകിച്ച് ഇന്ന കാരകത്തിന്റെ ആണ് ആകാംക്ഷ എന്നില്ല. അതിനാൽ, ആവുകയുടെ പരിച്ഛദമായിട്ട് എല്ലാ കാരകവും എല്ലാ വിഭക്തിയും കാണും. ചിലെടത്ത് കർത്താവ് ഒരു വാക്യമാണെങ്കിൽ ആ വാക്യത്തിലേ ക്രിയപദത്തിന്റെ കാരകമായിരിക്കും ആവുകയുടെ ആകാംക്ഷാപൂരകമായിക്കാണുന്നത്. ആവുക എന്ന ക്രിയ അദ്വൈതികളുടെ പരബ്രഹ്മംപോലെ നിരുപാധികമാണ്; അതിന് ഏതെങ്കിലും ഉപാധികൾ ചേർന്നാലേ പൂർത്തിവരികയുള്ളൂ. ഉപാധി ഏതും ചേരുകയും ചെയ്യും.

ഉദാ: സിംഹം മൃഗമാകുന്നു — വിധേയം കർത്താ — നിർദ്ദേശിക. ദമയന്തി വരിച്ചതു നളനെ ആണ്, ഇന്ദ്രാദികളെ അല്ല — കർത്താവായ വാക്യത്തിലെ ക്രിയയുടെ കർമ്മം.

| | |
|---|---|
| ചോദിച്ചത് നിന്നോടാകുന്നു | — ക്രിയയുടെ സാക്ഷി. |
| ശ്രമം എനിക്കാകുന്നു | — ഉദ്ദേശ്യം. |
| തണുപ്പ് മഴയാലാകുന്നു | — ഹേതു. |
| ഗൃഹം രാമന്റെ ആകുന്നു | — സംബന്ധം. |
| നായാട്ട് കാട്ടിലാകുന്നു | — അധികരണം. |

ആവുകയുടെ വർത്തമാനകാലമായ ആകുന്നു — വിനെ (a) ആണ് എന്ന് ഇഷ്ടം പോലെ ചുരുക്കാറുണ്ട്. ചിലപ്പോൾ അതിന്റെ സ്ഥാനത്ത് (b) അത്രേ, (c) തന്നെ എന്ന പദങ്ങളെയും ഉപയോഗിക്കാറുണ്ട്. മറ്റുചില ദിക്കുകളിൽ വർത്തമാനകാലത്തെ മാത്രമല്ല, (d) എല്ലാ രൂപങ്ങളേയും ഉപേക്ഷിച്ചു കാണും. ഉദാ:

(a) എന്റെ വാക്ക് സത്യമാണ്.

(b) പരസ്വമത്രേ കുലകന്യകാജനം.

(c) അത് ശരിതന്നെ.

(d) ഇതെന്തൊരാശ്ചര്യം!

നിഷേധമാർഗ്ഗത്തിൽ അല്ല എന്നത് ആകുന്നില്ല എന്നതിനും, ഇല്ല എന്നത് ഉണ്ടാകുന്നില്ല എന്നതിനും തുല്യമാകുന്നു.

## 1 പദക്രമം

172. കർത്താ, കർമ്മം, ക്രിയ — ഇതേ
വാക്യത്തുങ്കൽ പദക്രമം;
ഇതു മാറ്റി പ്രധാനത്തെ
മുന്നിലാക്കാം വിവക്ഷപോൽ.

ആദ്യം കർത്താവ്, പിന്നീട് കർമ്മമുണ്ടെങ്കിൽ അതു്, ഒടുവിൽ ക്രിയാപദം എന്നാണു വാക്യത്തിൽ പദങ്ങളെ അടുക്കുന്നതിന് പൊതുവേ ഏർപ്പെട്ടിട്ടുള്ള ക്രമം. എന്നാൽ ഇൗ ക്രമം ഭേദപ്പെടുത്തുന്നതിന് വിരോധമില്ല. ഏതിനു പ്രാധാന്യം വിവക്ഷിക്കുന്നുവോ അതിനെ പുരസ്കരിക്കാം. ഉദാ:

“വന്നൂ ശരത്സമയമംബുദമൊന്നകന്നൂ” — കൃ. ച.
“നിന്നോടുകൂടിട്ടു പോരുന്നു ഞാനും” — ഇരുപത്തിനാലുവൃത്തം.
“കണ്ടേൻ ഞാൻ സീതയെ” ടി
“ദംഭോദ്രിക്തമതേ! മദോത്കട! തൊടുന്നാകിൽ
വിടാ നിന്നെ ഞാൻ” — മ. ശാ.

173. വിശേഷണവിശേഷ്യങ്ങൾ
മുൻപിൻപായിട്ടു നില്ക്കണം.

വിശേഷണം ഏതുമാതിരിയിരുന്നാലും താൻ വിശേഷിപ്പിക്കുന്ന വിശേഷ്യത്തിന്റെ മുൻപിൽ നില്ക്കണമെന്നാണ് സമ്പ്രദായസിദ്ധമായപതിവ്. ഉദാ:

കറുത്ത പശു; സുന്ദരനായ രാമൻ; പുലിയുടെ തുകല്; വേഗം നടക്കുന്നു; ഏറ്റം സമർത്ഥൻ — ഇത്യാദി.

174. ഗതിതാൻ താൻ വിളക്കുന്ന
വിഭക്തിക്കു പരം വരും.

ഗതി ഏതു വിഭക്തിയുടെ അർത്ഥത്തെ പ്രകാശിപ്പിക്കുന്നുവോ ആ വിഭക്തിക്കടുത്തു പിന്നാലെ തന്നെ പ്രയോഗിക്കണം. ഉദാ:

കൈകൊണ്ടടിക്കുന്നു; മാളികയിൽനിന്നു വീഴുന്നു.

എന്നാൽ വിഭക്തി ഗതിയോടു ചേർന്നു സമാസിക്കുന്നില്ല; പദം രണ്ടും വേറെ തന്നെ. അതിനാൽ ഒരേ വിഭക്തിയിലുള്ള അനേകം പദങ്ങൾക്ക് ഒരേ ഗതിതന്നെ ചേർക്കേണ്ടിവരുന്ന സ്ഥലങ്ങളിൽ വിഭക്തികളെ “ഉം” കൊണ്ടു സമുച്ചയിച്ചിട്ട് ആവശ്യപ്പെട്ട ഗതിയെ ഒടുവിൽ ചേർക്കാം. ഉദാ:

എന്നെയും നിന്നെയും കുറിച്ച്; കാറ്റും മഴയും കൊണ്ട്.

## 2 പൊരുത്തം

175. കർത്തൃക്രിയാപദങ്ങൾക്കു
പൊരുത്തം ലുപ്തമായിപോൽ.

കർത്താവിനും ക്രിയാപദമായ മുറ്റുവിനയ്ക്കും ലിംഗപുരുഷവചനങ്ങളിൽ പൊരുത്തം ആചരിക്കുന്നതു് മറ്റു ദ്രാവിഡങ്ങളിലെല്ലാം ഇന്നും ചെയ്തുവരുന്നതിനാൽ മലയാളത്തിൽ ലുപ്തപ്രചാരമായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. നടപ്പില്ലാതെവരാനുള്ള കാരണങ്ങൾ ഇതിനു മുൻപുതന്നെ വിസ്തരിച്ചുകഴിഞ്ഞു.

176. വിശേഷണവിശേഷ്യങ്ങൾ
ലിംഗത്തിൽ വചനത്തിലും,
പൊരുത്തണം സമാനാധി-
കരണാന്വയമാവുകിൽ.

വിഭാവകഭേദകത്തിനു മാത്രമേ ലിംഗവചനങ്ങൾക്കു പ്രസക്തിയുള്ളു; അതു് സമാനാധികരണമായിട്ട് ഒരു നാമത്തെ വിശേഷിപ്പിമ്പോൾ ലിംഗത്തിലും വചനത്തിലും നാമത്തോടു യോജിക്കണം. ഉദാ:

വയസ്സൻ ബ്രാഹ്മണൻ, ഒരു കിഴവി സ്ത്രീ, മിടുക്കരായ മക്കൾ.

ഒടുവിലെ ഉദാഹരണത്തിലെപ്പോലെ സമാനാധികരണസംബന്ധം കാണിക്കുന്നതിന് ആയ എന്ന ആവുകയുടെ പേരെച്ചത്തെ അവ്യയമായിട്ടുപയോഗിക്കേണ്ടതാണ്. ആകുന്ന എന്ന വർത്തമാനപേരെച്ചം അഭേദസംബന്ധം കുറിക്കുന്നു. ഇതുപയോഗിക്കുമ്പോൾ പൊരുത്തനിർബന്ധമില്ല. ഉദാ: മുഖമാകുന്ന ചന്ദ്രൻ. സംസ്കൃതത്തിൽ വിശേഷണങ്ങൾക്ക് വിഭക്തിപ്പൊരുത്തം കൂടി വേണമെന്നുണ്ട്. "സുന്ദരസ്യ രാമസ്യ; നീലാന്യുത്പലാനി". ഇതു കണ്ടു ഭ്രമിച്ച് മണിപ്രവാളകവികൾ അടുത്ത കാലത്തും,

"നേർച്ചകളും മമ വിഫലാനി" — നള. ച.
"ഉരു ഹരിണികളോടു വാഴുമാറോ സതതമിയം മദിരേക്ഷണപ്രിയാഭിഃ" — മ. ശാ.

എന്ന മട്ടിൽ വിഭക്തിപ്പൊരുത്തം പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ശുദ്ധമലയാളത്തിന്റെ പോക്ക് ലിംഗവചനങ്ങളിൽക്കൂടി പൊരുത്തം അത്യാവശ്യപ്പെട്ടാലേ ചെയ്യേണ്ടുവെന്നാണ്.

177. നപുംസകത്തിൽ വചന-
പ്പൊരുത്തം ചെയ്‌വതിച്ഛപോൽ.

നപുംസകവിശേഷണങ്ങളിൽ വചനപ്പൊരുത്തം ചെയ്യണമെന്നു നിർബന്ധമില്ല. ഉദാ:

തക്കതായ കാരണങ്ങൾ — തക്കവയായ എന്നു വേണ്ട.

അന്യായമായ പ്രവൃത്തികൾ — അന്യായങ്ങളായ എന്നു വേണ്ട.

നപുംസകബഹുവചനത്തിൽ ഘടകങ്ങളായ വസ്തുക്കളിൽ ഓരോന്നിനെയും പ്രത്യേകിച്ചു ഗണിക്കാറില്ല; ആകെക്കൂടെ ഒരു സമൂഹം എന്നേ ഗണിക്കാറുള്ളു; വ്യക്തിപ്രാധാന്യം പുംസ്ത്രീബഹുവചനങ്ങളിൽ മാത്രമേ വകവയ്ക്കേണ്ടു.

രണ്ടു കുതിരകെട്ടിയ വണ്ടിയിൽ നാലു ഭടന്മാർ കയറിവന്നു.

എന്നല്ലേ നാം പറയാറുള്ളത്? ഈ വ്യക്തിപ്രാധാന്യാഭാവംതന്നെയാണ് നപുംസകത്തിൽ വിശേഷണങ്ങൾക്കു വചനപ്പൊരുത്തം വേണമെന്നില്ലെന്നു പറയുന്നതിനും യുക്തി. ഇത്രമാത്രമല്ല,

178. അർത്ഥംതാൻ പ്രത്യയത്തേക്കാൾ
വചനത്തിൻ നിയാമകം.

വചനം നിശ്ചയിക്കുന്നത് വചനപ്രത്യയം നോക്കീട്ടല്ല, നാമത്തിന്റെ അർത്ഥം നോക്കിയിട്ടാണ്. നാമം ഒരു സമൂഹത്തെ കുറിക്കുന്നതായാൽ അത് ബഹുവചനപ്രത്യയംകൂടാതെതന്നെ ബഹുത്വം കാണിക്കും. അതു പോലെ ബഹുവചനപ്രത്യയമിരുന്നാലും വ്യക്തിവിവക്ഷയില്ലാഞ്ഞാൽ നാമം ഏകവചനത്തിന്റെ ഫലമേ ചെയ്കയുള്ളു. ഉദാ:

വീരരായ പടജ്ജനത്തിനു നൂറു രൂപ സംഭാവന കിട്ടി;
അതുകൊണ്ട് അവർ സന്തോഷിക്കയും ചെയ്തു.

സംസ്കൃതത്തിൽ,

വീരസ്യ ഭടജനസ്യ ശതം രൂപികാഃ
സംഭാവനാ ലബ്ധാ; തയാ സ പരിതുഷ്ടശ്ച.

എന്നു ശബ്ദപ്രകാരം ലിംഗവും വചനവും ചെയ്യണം. വേറെ ഉദാഹരണങ്ങൾ:

രണ്ടു പരിഷയും സന്നദ്ധരായാർ — മ. ഭാ.
നാരീജനം മിക്കതും പരവശമാർ — മ. ഭാ.
സൈന്യം തിരിച്ചു മണ്ടിനാർ — മ. ഭാ.
ദുഷ്ടരാം ശത്രുക്കൂട്ടം — കേ. രാ.

179. ലിംഗം സംസ്കൃതനാമങ്ങൾ —
ക്കിഹ ഭാഷാനുരൂപമാം;
എന്നാൽ സ്ത്രീലിംഗമാത്രത്തിൽ
സംസ്കൃതത്തിൻ വ്യവസ്ഥയെ
മണിപ്രവാളകവികൾ
ഭക്ത്യാ മാനിച്ചിരുന്നുതേ.

സംസ്കൃതശബ്ദങ്ങളെ മലയാളത്തിൽ എടുത്തു പ്രയോഗിക്കുമ്പോൾ ആ ശബ്ദങ്ങൾക്ക് ആ ഭാഷയിലുള്ള ലിംഗനിയമത്തെ ഗൗനിക്കേണ്ടതില്ല; എന്തുകൊണ്ടെന്നാൽ സംസ്കൃതത്തിൽ ഭാഷയ്ക്കു നേരെ വിപരീതമായിട്ടു നാമങ്ങളുടെ ലിംഗം അർത്ഥാനുസാരിയാകുന്നില്ല. ഒരു പ്രയോജനവും കൂടാതെ കൃത്രിമമായിട്ട് അലിംഗങ്ങൾക്കുകൂടിയും ഇന്നതെല്ലാം സ്ത്രീ, ഇന്നതെല്ലാം പുരുഷൻ എന്നൊരേർപ്പാടുചെയ്തിട്ടുണ്ട്. സംസ്കൃതത്തിൽനിന്നു ശബ്ദങ്ങളെ കടംവാങ്ങാൻപോകുന്ന മലയാളി, അവയെ സ്ത്രീവേഷമോ പുരുഷവേഷമോ കെട്ടിക്ക പതിവ് എന്നുകൂടി ധരിച്ചിട്ടുവേണം തന്റെ ആവശ്യത്തിനുപയോഗിപ്പാൻ എന്നൊരു നിർബന്ധം ചെയ്തിട്ടു ഫലമില്ലല്ലോ. അതിനാൽ ശബ്ദം സംസ്കൃതമായാലും ഭാഷയിൽ പ്രയോഗിക്കുന്ന സമയം അതിനു ഭാഷാനുരൂപമായ ലിംഗം മതി. ഉദാ:

ഉന്നതമായ വൃക്ഷം = ഉന്നതോ വൃക്ഷഃ മധുരമായ വാക്ക് = മധുരാ വാക്.

എന്നാൽ, സ്ത്രീലിംഗത്തിൽ മാത്രം, മണിപ്രവാളത്തിനു പ്രാധാന്യമിരുന്ന കാലംവരെ കവികൾ ഗദ്യത്തിൽപ്പോലും സംസ്കൃതലിംഗവ്യവസ്ഥയെ എന്തോ ഒരു ജഡഭക്തിനിമിത്തം അനുഷ്ഠിച്ചുവന്നു. ഉദാ:

| | |
|---|---|
| മധുരയായ വാക്ക് | ശോചനീയയായ അവസ്ഥ |
| സരസയായ കഥ | മനോഹരയായ കൃതി |
| മഹതിയായ ആപത്ത് | പുണ്യയായ നദി |

ഇങ്ങനെ ലിംഗവ്യവസ്ഥ സ്വീകരിക്കുന്നവരും സർവ്വനാമങ്ങളെക്കൊണ്ട് പരാമർശിക്കുന്നസമയം അവൾ എന്നു സ്ത്രീലിംഗം ഒരിക്കലും പ്രയോഗിക്കുമാറില്ല. അതിനാൽ ഇവർക്കും സംസ്കൃതവ്യവസ്ഥയെ സർവ്വഥാ അനുകരിക്കണമെന്നു നിർബ്ബന്ധമില്ലെന്നു സ്പഷ്ടമാകുന്നു. അവരുടെ അപേക്ഷ ഇത്രത്തോളമിരിക്കാം — സംസ്കൃതത്തിലെ അകാരാന്തപദങ്ങളെ ഭാഷയിലെടുക്കുമ്പോൾ പുല്ലിംഗമോ നപുംസകലിംഗമോ ആക്കുന്നതിന് ഏതെങ്കിലും (അൻ, അം) ഒരു പ്രത്യയം ചേർക്കേണ്ടിയശ്രമമുണ്ട്. സ്ത്രീലിംഗത്തിന്റെ പ്രത്യയം അ എന്നുതന്നെ ആകയാൽ യഥാസ്ഥിതം പ്രയോഗിച്ചേച്ചാൽ മതി. അതിനാൽ മൂക്കു മുറിച്ചും ശകുനം പിഴപ്പിക്കുന്ന രീതിക്ക് നപുംസകപ്രത്യയം സംസ്കൃതവിദ്വാന്മാർക്ക് കർണ്ണകഠോരമായ ഒരു പ്രയോഗം എന്തിനുണ്ടാക്കിത്തീർക്കുന്നു എന്നുള്ള ഉദാസീനതയാണ് ഇതിലേക്ക് കാരണമെന്നു തോന്നുന്നു.

കാവ്യചമത്കാരത്തിനുവേണ്ടി ജഡങ്ങളിലും ചേതനധർമ്മം ആരോപിക്കുന്ന ദിക്കുകളിൽ യുക്തംപോലെ നപുംസകങ്ങളെയും സ്ത്രീലിംഗമോ പുല്ലിംഗമോ ആക്കുക ധാരാളം പതിവുണ്ട്. അങ്ങനെ ചെയ്യുമ്പോൾ സംസ്കൃതത്തിന്റെ ഏർപ്പാടു തന്നെയാണ് സ്വീകരിക്കുന്നതും ആരോപത്തിൽ "അം" എന്ന നപുംസകത്തിൽ "ആൻ" ചേർത്ത് നാഗത്താൻ, വാനരത്താൻ, വണ്ടത്താൻ എന്ന മട്ടിൽ പുല്ലിംഗരൂപം ഉണ്ടാക്കാം. അതു യോജിക്കാത്തിടങ്ങളിൽ "തെന്നലിവൻ" എന്ന മട്ടിൽ സർവ്വനാമരൂപംചേർത്ത് ലിംഗപ്രതീതി വരുത്താം.

കുകീടിനാർ മാന്തളിർ തിന്നു നന്നായ്-
ത്തെളിഞ്ഞ കണ്ഠത്തൊടു കോകിലങ്ങൾ — ക. സം.
(മധുശ്രീ) മിനുക്കിനാൾ മാന്തളിരാകുമോഷ്ഠം — ക. സം.

എന്നും മറ്റുംപോലെ ആഖ്യാതത്തിനു ലിംഗവചനങ്ങൾ കൊടുത്തിട്ട് ആരോപം സ്പഷ്ടമാക്കാം.

180. നാമത്തെ വേറെ നാമത്താൽ
വിവരിക്കുമിടങ്ങളിൽ
വിഭക്തി രണ്ടാംനാമത്തിൽ
വേണം; ചേർക്കാമിരണ്ടിലും.

ഒരു നാമത്തെ മറ്റൊരു നാമംകൊണ്ടു വിവരിക്കുന്ന സ്ഥലങ്ങളിൽ രണ്ടാമത്തെ നാമത്തിനാണ് വിഭക്തിപ്രത്യയം വേണ്ടത്; രണ്ടിലും ചേർക്കുന്നതിനു വിരോധമില്ല. വിവരിക്കുന്ന നാമം (1) "എല്ലാം" എന്ന സർവ്വനാമമോ, (2) ഒരുവൻ, ഇരുവർ മുതലായ സാംഖ്യഭേദകങ്ങളുടെ നാമരൂപങ്ങളോ, (3) പേർ, ആൾ എന്ന നാമങ്ങളോ ആയിരിക്കും. ഉദാ:

ജനങ്ങളുടെ എല്ലാവരുടെയും സമ്മതം.
ജനങ്ങൾ എല്ലാവരുടെയും സമ്മതം.
അയൽവാസികളെ നാലുപേരെ വിളിച്ചു.
അയൽവാസികൾ നാലുപേരെ വിളിച്ചു.
നമ്മുടെ ഇരുവരുടെയും സ്നേഹിതൻ.
നമ്മൾ ഇരുവരുടെയും സ്നേഹിതൻ.
എന്നെ ഒരാളെക്കൊണ്ട് ഇക്കാര്യം സാധിക്കയില്ല.

"രാധാകാന്തൻ ദേവനെ ശരണം പ്രാപിക്കുന്നു." ഇത്യാദികളിൽ രാധാകാന്തനായ ദേവനെ എന്ന് ആയ അർത്ഥസിദ്ധമാകുന്നു.